ഒല്ലൂർ നിയോജകമണ്ഡലത്തിൽ പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടി

151(848) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ വനഭൂമി പട്ടയം ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ മണ്ഡലത്തിൽ വനഭൂമി, പുറമ്പോക്ക്, റവന്യൂ എന്നീ വിഭാഗങ്ങളിലായി എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ :

(സി) പട്ടയത്തിന് അർഹതയുള്ളവർക്ക് പട്ടയം നൽകുന്നതിന് ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ :

(ഡി) അർഹതയുള്ള മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വനഭൂമി പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ സംബന്ധിച്ച വിവരം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	വില്ലേജിന്റെ പേര്	ലഭിച്ച അപേക്ഷകളുടെ എണ്ണം (വനഭൂമി)
1	പീച്ചി	1108
2	പാണഞ്ചേരി	435
3	പുത്തൂർ	204
4	മാന്ദാമംഗലം	743
5	മുളയം	267
6	കിള്ളന്നൂർ	...
7	മല്ലൂക്കര	...
8	കൈനൂർ	239
9	മാടക്കത്തറ	724
	ആകെ	3720

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ പട്ടയം നൽകിയതിന്റെ കണക്ക് വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	വില്ലേജിന്റെ പേര്	പുറമ്പോക്ക്	വനഭൂമി	ആകെ
1	പാണഞ്ചേരി	11	2	13
2	ഹിച്ചി	8	8	16
3	കൊഴുക്കുള്ളി	2	...	2
4	മാടക്കത്തറ	1	3	4
5	പുത്തൂർ	3	...	3
6	മാന്ദാമംഗലം	...	8	8
	ആകെ	25	21	46

(സി) 1-1-1997-ന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ള കർഷകർക്ക് പട്ടയം നൽകുന്നതിന് വന സംരക്ഷണ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് കേന്ദ്രാനുമതി നേടേണ്ടതുണ്ട്. ആയതിന്റെ മുന്നോടിയായി വനം, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. പുറമ്പോക്ക്, റവന്യൂ പട്ടയങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) അർഹതയുള്ള മുഴുവൻ അപേക്ഷകർക്കും പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ

152(851) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ പരിഗണനയിൽ ഉണ്ട് ;

(ബി) പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) എന്നത്തേക്ക് ഇവ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly